File No.FWLD-F3/8/2018-FWLD

47
1/1/20

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവിവകുപ്പ്- കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഇളവനുവദിച്ച്, റൂൾ 9(h) പ്രകാരമുള്ള ട്രെയിനിംഗിൽ നിന്നും ഒഴിവാക്കി, വിരമിച്ച റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. എം.അശോകന്റെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്)വകുപ്പ്

G.O.(Rt)No.497/2019/F&WLD തീയതി,തിരുവനന്തപുരം, 15/12/2019

---

പരാമർശം:- 1 23.06.2018 ലെ എഫ്3/08/2018/വനം നം. സർക്കാർ കത്ത്.

2 ശ്രീ.എം.അശോകൻ 25.07.2018 ൽ സമർപ്പിച്ച പുനപ്പരിശോധനാ ഹർജി.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 04.10.2018, 13.11.201, 16.01.2019, 15/02/2019 തീയതികളിലെ ഡി1-42341/16 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

2010 ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 9 (2) (h) പ്രകാരം, ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ തസ്തികയിൽ നിന്നും റെയ്ഞ്ച് ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് അവരുടെ റെയ്ഞ്ച് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി കേരള ഫോറസ്റ്റ് സ്കൂൾ നടത്തുന്ന 3 മാസത്തെ ട്രെയിനിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്. വനം വകുപ്പിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ തസ്തികയിൽ നിന്നും റെയ്ഞ്ച് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച 31.05.2018 ൽ വിരമിച്ച ശ്രീ . എം . അശോകന് കേരളാ ഫോറസ്റ്റ് സ്പെഷ്യൽ റൂൾസ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിർബന്ധിത ട്രെയിനിങ് ഒഴിവാക്കി പ്രൊബേഷൻ ഡിക്ളയർ ചെയ്യുവാൻ അനുമതി നൽകണമെന്ന ആവശ്യം പരാമർശം (1) പ്രകാരം സർക്കാർ നിരാകരിച്ചിരുന്നത് പുനപ്പരിശോധിക്കുന്നതിനായി പരാമർശം (2) പ്രകാരം ശ്രീ.എം.അശോകൻ പുനപ്പരിശോധനാ ഹർജി സമർപ്പിച്ചിരുന്നു.

2. 2010 ലെ കേരളാ ഫോറസ്റ്റ് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള നിർബന്ധിത ട്രെയിനിങ്ങിനായി 02.03.2015 ലെ Trg 3-640/13 ഉത്തരവ് പ്രകാരം ശ്രീ അശോകനെ നിയോഗിച്ചുവെങ്കിലും , ടിയാന്റെ കുടുംബപരമായ ചില വിഷയങ്ങൾ , അനാരോഗ്യം എന്നിവ കാരണവും , സതേൺ സർക്കിളിലെ വിവിധ റെയ്ഞ്ചിലെ പ് ളാന്റിങ്ങ് ആവശ്യത്തിനായി വൃക്ഷത്തൈ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ജോലികൾ കാരണവും , ടിയാളെ ട്രെയിനിങ്ങിൽ നിന്നും ഒഴിവാക്കുവാൻ അപേക്ഷ നൽകിയതിനെ തുടർന്ന് ഒഴിവാക്കുകയുണ്ടായിയെന്നും , തുടർന്ന് 2010 ലെ സ്പെഷ്യൽ റൂളിൽ പ്രസ്താവിക്കുന്ന 3 മാസത്തെ ട്രെയിനിങ്ങ് 02.03.2015 ന് ശേഷം വകുപ്പിൽ നടത്തിയിട്ടില്ലയെന്നും, ആയതിനാലാണ് ടിയാന് പിന്നീട് ട്രെയിനിങ്ങിന് അവസരം നഷ്ടമായത് എന്നും ആയതിനാൽ ടിയാന് പ്രസ്തുത ചട്ടത്തിൽ ഇളവ് നൽകി ട്രെയിനിംഗിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം (3) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വീണ്ടും വിശദമായി പരിശോധിച്ചു. 31.05.2018 ൽ സർവ്വീസിൽ നിന്നും വിരമിച്ച റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. അശോകൻ ആരോഗ്യപരവും, കുടുംബപരവും, ഔദ്യോഗികവുമായ ചില വിഷയങ്ങൾ കാരണം കേരളാ ഫോറസ്റ്റ് സ്പെഷ്യൽ റൂൾസ് 9 (2) (h) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള 02.03.2015 ന് നടത്തിയ ട്രെയിനിംഗിൽ നിന്നുമാണ് ഒഴിവാക്കുവാൻ അപേക്ഷ നൽകിയതും, ആയതു പ്രകാരം ഒഴിവാക്കപ്പെട്ടിരുന്നതും. എന്നാൽ റൂൾ 9 (2) (h) ൽ പറഞ്ഞിരിക്കുന്ന നിർബന്ധിത പരിശീലനം 02.03.2015 ന മുൻപോ, ശേഷമോ വകുപ്പിൽ നടത്തിയിട്ടില്ലാത്തതിനാലാണ് ടിയാൻ വിരമിക്കുന്നതിനു മുൻപ് പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുക്കുവാൻ അവസരം നഷ്ടമായത് എന്നു കാണുന്നു.

4. മേൽ വിവരിച്ച സാഹചര്യം പരിഗണിച്ച് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി വിരമിച്ച ശ്രീ. എം. അശോകന് 2010 ലെ കേരളാ ഫോറസ്റ്റ് സ്പെഷ്യൽ റൂൾസ് 9 (2) (h)ൽ ഇളവനുവദിച്ച് പ്രസ്തുത റൂൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മൂന്ന് മാസത്തെ നിർബന്ധിത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ടിയാന്റെ റെയ്ഞ്ച് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR.ASHA THOMAS IAS
ADDITIONAL CHIEF SECRETARY

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം
ശ്രീ.എം. അശോകൻ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, (റിട്ട.) (ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

Signature valid
Digitally signed by ... M K
Date: 2019.12.16 11:0?:41 IST
Reason: Approved

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്- വനംവന്യജീവി(പാർലമെന്റ്)വകുപ്പ്.